കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എസ്. ലാൽജിയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.4111/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 19.12.2017

==========

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.07.2015-ലെ ഇ 4-(എസ് സി 78/14/എഎൽപി)34411/2014 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 21.08.2015-ലെ 9806/ഡി3/2015/വിജി. നമ്പർ കത്ത്

3. സർക്കാരിന്റെ 27.05.2017-ലെ 649/ഇപിബി2/15/തസ്വഭവ നമ്പർ കുറ്റപത്രം

4. പഞ്ചായത്ത് ഡയറക്ടറുടെ 03.02.2017, 19.07.2017 എന്നീ തീയതികളിലെ ഡി8-750/2016 നമ്പർ കത്തുകൾ

ഉത്തരവ്

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പരിശോധനയിൽ. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2010-2011, 2011-2012 കാലയളവിലെ സ്റ്റോക്ക് രജിസ്റ്ററുകൾ ടി പഞ്ചായത്തിലെ 2012-2013, 2013-2014 കാലയളവിൽ ഊർജ്ജ പദ്ധതികളുടെ കൺവീനറായിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എൻജിനീയർക്കു കൈമാറുകയുണ്ടായില്ല എന്നും പ്രസ്തുത രജിസ്റ്ററുകളിൽ സർട്ടിഫിക്കറ്റ് എഴുതി സൂക്ഷിച്ചിരുന്നില്ല എന്നും കണ്ടെത്തുകയുണ്ടായി. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലർക്കായിരുന്ന ശ്രീമതി. അനീസ, സെക്രട്ടറി ശ്രീ. കെ.എസ്. ലാൽജി, എന്നിവർ ഇക്കാര്യത്തിൽ കുറ്റക്കാരാണെന്നും കണ്ടെത്തിയിരുന്നു. തുടർന്ന് ടിയാളുകൾക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. എന്നാൽ ശ്രീ. ലാൽജി 31.05.2016-ൽ സേവനത്തിൽ നിന്നും വിരമിച്ചതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. ലാൽജി 06.08.2017-ൽ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ലാൽജി 31.05.2016-ൽ സേവനത്തിൽനിന്ന് വിരമിക്കുകയും 06.08.2017-ൽ മരണപ്പെടുകയും ചെയ്തുവെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി

ശ്രീ. കെ.എസ്. ലാൽജിയ്ക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ഡെപ്യൂട്ടി സെക്രട്ടറി

1. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി
   മരണപ്പെട്ട കെ.എസ്. ലാൽജിയുടെ അനന്തരാവകാശികൾക്ക്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/649/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ